LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കീഴിൽ ആകെ 82 ബോട്ടുകളുള്ളതിൽ 44 എണ്ണം തടി ബോട്ടുകളാണ്. അതിൽ 27 എണ്ണം സർവ്വീസ് യോഗ്യമാണ്.

(സി) 34 തടി ബോട്ടുകൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം റിപ്പയർ ചെയ്ത് സർവ്വീസ് യോഗ്യമാക്കി.

(ഡി) പഴയ തടി ബോട്ടുകൾ നവീകരിക്കുന്നതിനായി 1,00,76,410 രൂപയും പുതിയ ബോട്ടുകൾ വാങ്ങുന്നതിനായി 12,35,60,496 രൂപയും ചെലവഴിച്ചു.

(ഇ) നിലവിൽ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കീഴിൽ തടിയിതര ബോട്ടുകളായ 12 ഫൈബർ ബോട്ടുകളും 26 സ്റ്റീൽ ബോട്ടുകളുമുണ്ട്.

(എഫ്) ദേശീയ ജലപാതയുടെ പൂർത്തീകരണത്തോടുകൂടി ഇത്തരം സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(നക്ഷത്രചിഹ്നമിടാത്ത 3752, 3796, 3814, 3820, 3823, 3824 3827, 3828, 3831, 3872, 3876, 3877, 3878, 3879, 3880, 3881, 3891, 3908, 3909, 3911, 3912, 3913, 3915, 3916, 3917, 3920, 3935, 3939, 3940, 3949, 3951, 3953, 3954, 3955, 3958, 3960, 3961, 3962, 3963, 3969, 3973, 3977, 3979, 3981 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

II ശ്രദ്ധക്ഷണിക്കൽ

(1) എം.ഡി.ആർ.വിഭാഗത്തിൽ റോഡുകൾ

ശ്രീ. കെ. സി. ജോസഫ് : സർ, എം.ഡി.ആർ. -കളുടെ ഘടന സംബന്ധിച്ച് ഈ സഭയിലെ ഭരണ-പ്രതിപക്ഷ മെമ്പർമാർ പലരും ആവർത്തിച്ച് ഉന്നയിച്ച വിഷയമാണ്. പഞ്ചായത്ത്‌രാജ് നിയമം വന്നതോടുകൂടി നേരത്തെ പി.ഡബ്ല്യു.ഡി. കൈകാര്യം ചെയ്തിരുന്ന ഒ.ഡി.ആർ.-കളെല്ലാം പഞ്ചായത്തിലേക്ക് കൈമാറി. 1994-ന് ശേഷം ഇതു സംബന്ധിച്ച് ആറ് ഉത്തരവുകൾ വന്നു. 14-5-1998, 29-5-2003, 23-11-2004, 1-3-2005, 23-8-2005, 14-8-2009 തീയതികളിലെ ഉത്തരവുകൾ പ്രകാരം റോഡുകൾ എം.ഡി.ആർ ആക്കുക വീണ്ടും പഞ്ചായത്തിന് കൈമാറുക, വീണ്ടും എം.ഡി.ആർ. ആക്കുക. ഈ പ്രോസ്സസിന് ഒരു അവസാനമുണ്ടാകണം. ഒരു പൊതുവായ മാനദണ്ഡം സ്വീകരിക്കണം. ഞാൻ പഞ്ചായത്തിന്റെ അധികാരമില്ലാതാക്കാൻ പറയുന്നില്ല. രണ്ടോ അതിലേറെ പഞ്ചായത്തുകളുടെയോ നിലവിലുള്ള റോഡുകൾ ഇന്നത്തെ നിലയ്ക്ക് ഗ്രാമപഞ്ചായത്തിനോ ബ്ലോക്ക് പഞ്ചായത്തിനോ ജില്ലാ പഞ്ചായത്തിനോ കൈകാര്യം ചെയ്യാൻ പ്രയാസമാണ്. പി.ഡബ്ല്യു.ഡി.ക്കാണെങ്കിൽ അതിന് കഴിയും. എന്റെ മണ്ഡലത്തിലെ പ്രധാനപ്പെട്ട പല റോഡുകളും ഇപ്പോഴും എം.ഡി.ആർ. പട്ടികയിൽനിന്നുമാറി പഞ്ചായത്തിന് കൈമാറിയിരിക്കുകയാണ്. അഞ്ചുകോടി രൂപ മുടക്കി പി. ഡബ്ല്യു.ഡി. നിർമ്മിച്ച പാവന്നൂർക്കടവ് പാലം ഉൾക്കൊള്ളുന്ന

9.00 AM]

എന്റേയും ശ്രീ. സി. കെ. പി. പത്മനാഭന്റേയും മണ്ഡലത്തിലെ മയ്യിൽ-ശ്രീകണ്ഠാപുരം റോഡ്, കണിയാർവയൽ-മലപ്പട്ടം-മുനമ്പ്കടവ് റോഡ് ഉൾപ്പെടെയുള്ള പി.ഡബ്ല്യു.ഡി റോഡുകൾ പഞ്ചായത്തിനെ മടക്കി ഏൽപ്പിച്ചിരിക്കുകയാണ്. ഞാൻ അങ്ങേയ്ക്ക് അതിന്റെ വിശദമായ ലിസ്റ്റ് സമർപ്പിക്കുകയുണ്ടായി. എം.ഡി.ആർ. റോഡുകളും നേരത്തെ പി.ഡബ്ല്യു.ഡി. കൈകാര്യം ചെയ്തിരുന്ന ഒ.ഡി.ആർ. റോഡുകളും പി.ഡബ്ല്യു.ഡി.-ക്ക് ചെയ്യാനുള്ള സംവിധാനമുണ്ടായില്ലെങ്കിൽ പ്രത്യേകിച്ചും മലയോര മേഖലയിലെ വിസ്തൃതമായ പല റോഡുകളുടേയും അവസ്ഥ ദുരിതത്തിലാകും. അതുകൊണ്ട് ഇക്കാര്യത്തിൽ വ്യക്തമായ ഒരു സമീപനമുണ്ടാകണം. ഈ വിഷയം സബ്ജക്ട് കമ്മിറ്റി പല വട്ടം ചർച്ച ചെയ്തതാണ്. സബ്ജക്ട് കമ്മിറ്റി ശുപാർശകൾ ഒരിക്കലും നടപ്പാക്കിയിട്ടില്ല. അതുകൊണ്ട് ഇരിക്കൂർ മണ്ഡലത്തിലെ രണ്ടോ അതിലേറെയോ പഞ്ചായത്തുകളെ ബന്ധപ്പെടുത്തുന്ന പ്രധാനപ്പെട്ട റോഡുകളും നേരത്തെ ഒ.ഡി.ആർ. കാറ്റഗറിയിലുണ്ടായിരുന്ന റോഡുകളും എം.ഡി.ആർ. ആക്കിയില്ലെങ്കിൽ എന്റെ മണ്ഡലത്തിൽ വലിയ പ്രയാസങ്ങളുണ്ടാക്കും. ഇതുസംബന്ധിച്ച് ഒരു വ്യക്തമായ തീരുമാനമുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളിൽ ഒരുപാട് വാസ്തവങ്ങളുണ്ട്. ഈ റോഡുകളുടെ ഉടമസ്ഥത സംബന്ധിച്ച അവ്യക്തത ഇവയുടെ മെയിന്റനൻസിനെ വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതിന്റെ ഫലമായി പല റോഡുകളുടേയും സ്ഥിതി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ശോചനീയമാണ്. ഇതിന് തീർച്ചയായും പരിഹാരം വേണം. ഇതുവരെയെടുത്ത നടപടികളൊക്കെ എല്ലാവർക്കും അറിയാവുന്ന കാരണങ്ങൾകൊണ്ട് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്തെടുത്ത നടപടി പൂർത്തീകരിച്ചിട്ടില്ലായിരുന്നു. ഈ സർക്കാർ വന്ന കാലത്തെടുത്ത തീരുമാനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.മാർതന്നെ ഒരുപാട് ആക്ഷേപങ്ങൾ പറയുകയുണ്ടായി. ഇതാണ് സ്ഥിതി. അതുകൊണ്ട് ഇപ്പോൾ തീരുമാനിച്ചിരിക്കുന്ന ഒരു കാര്യം, നിലവിലുള്ള ഒ.ഡി.ആർ. റോഡുകൾ ജില്ലാ പഞ്ചായത്ത് ഏതൊക്കെ ചെയ്തു എന്നുനോക്കാൻ ലിസ്റ്റ് ചോദിച്ചിട്ടുണ്ട്. അതൊഴിച്ച് ബാക്കിയുള്ള എല്ലാ ഒ.ഡി.ആർ. റോഡുകളും പി.ഡബ്ല്യു.ഡി. മെയിന്റനൻസ് നടത്തും, റീ-സർഫസിംഗും ചെയ്യും. ഈ നവംബർ മാസത്തോടുകൂടി ഇന്നുള്ള പ്രശ്നത്തിന് പരിഹാരമാകും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എം.ഡി.ആർ. റോഡുകളെപ്പറ്റി പി.ഡബ്ല്യു.ഡി.-ക്ക് നിർവചനമുണ്ട്. ആ നിർവചനത്തിന്റെ അടിസ്ഥാനത്തിൽ എം.ഡി.ആർ. ആകാൻ യോഗ്യതയുള്ള റോഡുകൾ പി.ഡബ്ല്യു.ഡി.യേയും ബാക്കിയുള്ള ഒ.ഡി.ആർ. റോഡുകൾ ഞാൻ നേരത്തെ പറഞ്ഞതുപോലെ ജില്ലാ പഞ്ചായത്തിനും ഏൽപ്പിച്ചുകൊണ്ടുള്ള കൃത്യമായിട്ടുള്ള വ്യവസ്ഥ നവംബർ മാസത്തിനുള്ളിൽ കൊണ്ടുവരും. ഉടമസ്ഥതയെക്കുറിച്ചുള്ള തർക്കം റോഡിന്റെ മെയിന്റനൻസിന് തടസ്സമാവില്ല. ഇപ്പോൾ അത്യാവശ്യമായ ഹോൾ അടയ്ക്കലടക്കം മെയിന്റനൻസ് നടത്തുന്നുണ്ട്. പക്ഷേ റീ-സർഫസിംഗ് അങ്ങേയ്ക്ക് അറിയാവുന്നതുപോലെ നവംബർ മാസത്തിലേ ചെയ്യാൻ പറ്റൂ. നവംബറോടുകൂടി ഈ പ്രശ്നം പരിഹരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ, പൊതുവായ മാനദണ്ഡങ്ങൾ ഇന്ന് ആരും സ്വീകരിക്കുന്നില്ല. മന്ത്രിമാരുടെ മണ്ഡലങ്ങൾക്ക് ഒരു മാനദണ്ഡവും ബാധകമല്ല. മന്ത്രിമാരുടെ മണ്ഡലത്തിലുള്ള റോഡാണെങ്കിൽ എല്ലാ മാനദണ്ഡങ്ങളും മറികടന്ന് അത് എം.ഡി.ആർ. ആക്കും. സബ്ജക്ട് കമ്മിറ്റിയിൽ ഈ കാര്യം ചർച്ച ചെയ്ത് പൊതുവായ ഒരു നോംസ് ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, അങ്ങ് പറഞ്ഞതിൽ ശരികളുണ്ട്. നമുക്ക് ഇഷ്ടമുള്ള റോഡുകൾ എം.ഡി.ആർ. ആക്കുന്ന ഒരു രീതി പറ്റില്ല. അതുകൊണ്ട് വളരെ സുതാര്യമായ രീതിയിൽ മാനദണ്ഡങ്ങളുണ്ടാക്കി അത് പരസ്യപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഒ. ഡി. ആർ. എം. ഡി. ആർ. ആക്കുകയുള്ളു. അങ്ങനെയൊരു നിർദ്ദേശം നൽകിയിരിക്കുകയാണ്.

(2)പച്ചക്കറി ഉത്പാദനം

ശ്രീ. രാജു എബ്രഹാം : സർ, പച്ചക്കറിയുത്പാദനത്തിൽ കേരളം സ്വയംപര്യാപ്തതയിൽ എത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന സാഹചര്യത്തിലാണ് ഇത്തരമൊരു ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കാൻ ഞാൻ മുന്നോട്ടുവന്നിട്ടുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം കേരളത്തിനാകെ ആവശ്യമുള്ള പച്ചക്കറിയുടെ എതാണ്ട് പത്തു മുതൽ പതിനഞ്ച് ശതമാനം മാത്രമേ ഇന്ന് കേരളത്തിൽ ഉത്പാദിപ്പിക്കുന്നുള്ളു. നമ്മൾ ഏത് യോഗങ്ങൾ നടത്തിയാലും സ്ഥിരമായി അവിടെ പ്രസംഗിക്കുന്ന ഒരു കാര്യം, കർണ്ണാടകത്തിലോ തമിഴ്നാട്ടിലോ ലോറിസമരം ഉണ്ടായാൽ കേരളത്തിൽ പച്ചക്കറി കിട്ടാത്ത ഒരവസ്ഥയുണ്ടാകും. ഇത് നമ്മൾ ദീർഘ കാലമായി പ്രസംഗിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. പക്ഷേ ഇതിന് പരിഹാരം കാണാൻവേണ്ടിയുള്ള ചില നടപടികൾ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൃഷിവകുപ്പുമന്ത്രി മുൻകയ്യെടുത്ത് നടത്തിയിട്ടുണ്ടെങ്കിലും നമുക്ക് കാര്യമായി മുന്നോട്ടുവരാൻ കഴിഞ്ഞിട്ടില്ല. മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇവിടെ വരുന്ന പച്ചക്കറികളെ സംബന്ധിച്ചിടത്തോളം മാരകമായ കീടനാശിനികളാണ് ആ പച്ചക്കറിയിൽ അടങ്ങിയിരിക്കുന്നത്. പച്ചക്കറിയെടുത്താൽ അതിൽ ഫ്യൂറിഡാൻ എന്ന കീടനാശിനിയാണ്. മാമ്പഴമെടുത്താൽ കാർബൺ ഇട്ട് പഴുപ്പിച്ച് മഞ്ഞ നിറമാക്കുന്ന മാമ്പഴമാണ് നമുക്ക് ലഭിക്കുന്നത്. പാലിൽനിന്ന് പണ്ട് കണ്ടു പിടിച്ചത് യൂറിയ ആണെങ്കിൽ ഇപ്പോൾ ഫോർമാലിൻ ചേർക്കുന്നുണ്ടെന്നുള്ള വിവരമാണ് നമുക്ക് കിട്ടുന്നത്. അങ്ങനെ പരിശോധിച്ചുവരുമ്പോൾ അരിയിൽ കളർ കിട്ടാൻവേണ്ടി റെഡ്ഓക്സൈഡ് ചേർക്കുകയാണ്. അങ്ങനെ മലയാളികളെ സംബന്ധിച്ചിടത്തോളം വീടുകഴിഞ്ഞാൽ ഏറ്റവുംകൂടുതൽ ചെല്ലുന്ന ഒരു സ്ഥലം ആശുപത്രിയാണ്. മലയാളികളെ ക്യാൻസർ കീഴ്പ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ പച്ചക്കറിയുത്പാദനം എങ്ങനെ സൃഷ്ടിപരമായി നല്ലയൊരു പ്ലാനോടുകൂടി നടത്താൻ കഴിയുമെന്നതിനെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവത്തോടുകൂടി നാം ആലോചിക്കണം. തൊട്ടടുത്ത് കിടക്കുന്ന തമിഴ്നാടോ കർണ്ണാടകയോ പച്ചക്കറിയുത്പാദനത്തിൽ കാര്യമായി മുന്നോട്ടു പോകില്ലെന്നാണ് പഠനങ്ങൾ കാണിക്കുന്നത്. അടുത്ത സമയത്തുതന്നെ